(സി) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 54.5249 കോടി രൂപ സാമൂഹ്യനീതി ഡയറക്ടറുടെ 14907 നമ്പർ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നത്. ആയതിൽ, 9,60,53,909 രൂപ (ഒമ്പത് കോടി അറുപത് ലക്ഷത്തി അമ്പത്തിമൂവായിരത്തി തൊള്ളായിരത്തി ഒമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ഡി) മാതൃകാ അങ്കണവാടികളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ വീതം 21 അങ്കണവാടികൾക്ക് 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 119 മാതൃകാ അങ്കണവാടികളിൽ സൗകര്യമൊരുക്കുന്നതിനായി ഒരു അങ്കണവാടിക്ക് 2,55,000 രൂപ നിരക്കിൽ 3,03,45,000 രൂപയും അനുവദിച്ചിട്ടുണ്ട്. ടി ആവശ്യത്തിന് പ്രസ്തുത തുക പര്യാപ്തമാണ്.

(ഇ) 10 സെന്റ് ഭൂമി ആവശ്യമായി വരുന്നതിനാലും കൂടുതൽ ഫണ്ട് ആവശ്യമായതിനാലുമാണ് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളെയും മാതൃകാ അങ്കണവാടിയുടെ നിലവാരത്തിലേക്കുയർത്താൻ സാധിക്കാത്തത്.

മാതൃകാ അങ്കണവാടികൾ

299 (1672) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാതൃകാ അംഗൻവാടികളുടെ പ്രവർത്തനം എത്രത്തോളം കാര്യക്ഷമമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ മാതൃകാ അംഗൻവാടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ സാമൂഹിക വിഭവ കേന്ദ്രങ്ങളായി പ്രവർത്തിപ്പിക്കുവാനും 3 തലമുറകളുടെ (കുട്ടികൾ, കൗമാരപ്രായക്കാർ, വൃദ്ധ ജനങ്ങൾ) സംഗമസ്ഥാനമാക്കി മാറ്റുവാനും കഴിയുന്നു. ലൈബ്രറി സൗകര്യം, അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും മീറ്റിംഗ് നടത്തുന്നതിനുള്ള സൗകര്യം, വൃദ്ധ ജനങ്ങൾക്കുള്ള പകൽ വീട്, ഇന്റർനെറ്റ് സൗകര്യങ്ങൾ, വിനോദ സൗകര്യങ്ങൾ എന്നിവയും മാതൃകാ അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിൽ മാതൃക അങ്കണവാടി നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി നാല് അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

നിയോജക മണ്ഡലം	പഞ്ചായത്ത്	AWC No.
മഞ്ചേശ്വരം	കുമ്പള	39
ഉദുമ	പുല്ലൂർ പെരിയ	5
കാഞ്ഞങ്ങാട്	കോടംബേളൂർ	49
തൃക്കരിപ്പൂർ	തൃക്കരിപ്പൂർ	54

മാതൃകാ അങ്കണവാടികൾ

300 (1673) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് മാതൃകാ അങ്കൻവാടികൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട് ; അവയിൽ എത്രയെണ്ണം മാതൃകാ അങ്കൻവാടിയായി മാറ്റപ്പെട്ടു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ആകെ 33115 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. അവയിൽ 108 എണ്ണത്തെ മാതൃകാ അങ്കണവാടിയായി ഉയർത്തി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 25 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly